# വി. ചാവറപിതാവിനോടുള്ള നൊവേന.

സ്വർഗ്ഗപിതാവെ വലുതായ സ്വാതന്ത്ര്യത്തിലേക്കും ഉന്നതമായ മഹത്വത്തിലേക്കും ക്ഷണിക്കപ്പെട്ടിരിക്കുന്ന ഞങ്ങൾ ഒരോരുത്തരും അങ്ങേ തിരുമുൻപിൽ വന്നു നിൽക്കുന്നു. മച്ചിയായ കേരളസഭയ്ക്ക് വിശുദ്ധരെ പ്രദാനം ചെയ്യുവാനും വിശ്വാസത്തിൽ വളർത്താനും, അങ്ങയുടെ വിശുദ്ധിയിൽ അണിചേരാനും അങ്ങ് ഞങ്ങളിൽ സമാരംഭിച്ചിരിക്കുന്ന എല്ലാ പദ്ധതികളെയുമോർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. വിശുദ്ധിയുടെ ഉന്നതശ്രേണിയിൽ കർമ്മലയ്ക്ക് അലങ്കാരമായി, ചൈതന്യമൂറുന്ന വിശുദ്ധരെത്തന്നെ അങ്ങയുടെ ശക്തി പ്രാഭവം ഞങ്ങൾ ദർശിക്കട്ടെ.

സർവ്വനന്മ സ്വരൂപിയായിരിക്കുന്ന ദൈവമേ, നിരന്തരമായ പ്രാർത്ഥനാരൂപിയിൽ, ദൈവസ്നേഹാഗ്നിയാൽ സദാ ജ്വലിച്ചിരുന്ന ചാവറപിതാവിന്റെ അതേ ഭക്തി തീക്ഷ്ണതയാൽ ഞങ്ങളും നിറയുവാൻ കൃപ ചെയ്യണമേ. പ്രണിധാനത്തിലൂടെ തന്നോടു ചേർന്നിരിക്കുക, കർമ്മത്തിലൂടെ തനിക്കർപ്പിതയാവുക എന്ന മുദ്രാവാക്യത്തിലൂടെ ഭക്തിയും കർമ്മവും സമഞ്ജസമായി സമന്വയിക്കുന്ന അങ്ങയുടെ സദാ ചൈതന്യത്തിൽ, ഞങ്ങൾ നിലനിൽക്കട്ടെ. സ്നേഹത്തിന്റെ ആധിക്യത്താൽ തിരുസക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന അങ്ങേ മണിക്കൂറുകൾ കണ്ടുകൊണ്ടിരിക്കുക, ജീവിതത്തിൽ ഏറ്റവും ധന്യമായ നിമിഷമായി വിശുദ്ധൻ കണക്കാക്കി. ചാവറപിതാവേ, തിരുസക്രാരിയിൽ നിന്ന് സ്വാംശീകരിച്ച ചൈതന്യത്തിന്റെ ബഹിസ്ഫുരണമായിരുന്ന സേവനരംഗത്ത് അങ്ങ് നിർവ്വഹിച്ചത്. ഈ ഹൃദയ പരിശുദ്ധി ഞങ്ങളുടെ ഹൃദിലും

നിറവോളം പകർത്താൻ കൃപയരുളിയാലും. മാമോദീസാ-
യിൽ കിട്ടിയ പരിശുദ്ധിയെ മരണം വരെ അഭംഗുരം
കാത്ത് സൂക്ഷിച്ച വന്ദ്യപിതാവിന്റെ കാല്പാടുകൾ ഞങ്ങളുടെ
ജീവിതത്തിന്റെ പ്രദ്യോതനക്ഷത്രമായിരിക്കട്ടെ. ഹൃദയശുദ്ധി
യുള്ളവരാണ് അങ്ങയെ കാണുക എന്ന തിരുവചനത്തോടു
കൂടി പ്രാർത്ഥിക്കുന്ന ഞങ്ങൾക്ക് നിഷ്കളങ്കമായ മനസ്സും
വരപ്രസാദത്തോടുകൂടിയ ജീവിതവും നൽകുക. ആത്മ-
ശരീരശുദ്ധതയുടെ മൂല്യം മനസിലാക്കി ജീവിക്കാൻ എല്ലാ
മക്കളെയും പ്രത്യേകിച്ച് ക്രൈസ്തവരേയും അനുഗ്രഹി-
ക്കണമെ.

ആമ്മേൻ.